# GENERAL QUIZ (പൊതു ചോദ്യോത്തരങ്ങൾ)

1. ഏറ്റവും കൂടുതൽ കത്തോലിക്കരുള്ള രാജ്യം:–

   ബ്രസീൽ

2. വിശുദ്ധ ഭൂമി എന്നറിയപ്പെടുന്ന സ്ഥലം:–

   പലസ്തീന

3. മാർപ്പാപ്പ ഭരിക്കുന്ന രാഷ്ട്രം:–

   വത്തിക്കാൻ

4. വത്തിക്കാന്റെ വിസ്തൃതി:–

   108.7 ഏക്കർ

5. വത്തിക്കാൻ പരമാധികാര രാഷ്ട്രമായത്:–

   1929–ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പയുടെ കാലത്ത് ലാറ്ററൻ ഉടമ്പടിയിലൂടെ

6. കത്തോലിക്കാ സഭയുടെ പൊതുവായ കാര്യങ്ങളിൽ മാർപ്പാപ്പയെ സഹായിക്കുവാനുള്ള ഭരണ സംവിധാനം:–

   റോമൻ കൂരിയ

7. സഭയുടെ പൊതുവായ ജീവിതത്തിനും ഭരണ ക്രമത്തിനും അടിസ്ഥാനമായി നിൽക്കുന്ന നിയമ സംഹിത:–

   കാനൻ നിയമം

8. പൗരസ്ത്യ സഭകൾക്കായി പുതിയ കാനൻ നിയമം നടപ്പിലാക്കിയത്:–

   1991 ഒക്ടോബർ 1 ന്

9. കേരളത്തിലെ 3 റീത്തുകൾക്കും പൊതുവായുള്ള ഏക സ്ഥാപനം:–

   പാലാരിവട്ടത്തുള്ള പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (P.O.C.)

10. ഒരുരൂപതയിലെ ഏറ്റവും പ്രധാനപ്പെട്ട ദേവാലയം

    കത്തീഡ്രൽ

11. കേരളത്തിലെ ബസിലിക്കകൾ:–

    എറണാകുളം സെന്റ് മേരീസ്, കൊച്ചി സാന്താക്രൂസ്, തൃശൂർ വ്യാകുല മാതാവിന്റെ പള്ളി എന്നിവ.

12. തിരുപ്പട്ടം സ്വീകരിക്കാത്തവരോ, സഭ അംഗീകരിച്ചിട്ടുള്ള സന്യാസ സഭകളിൽ അംഗങ്ങളല്ലാത്തവരോ ആയ വിശ്വാസികൾ:–

    അല്മായർ

13. രണ്ടാം വത്തിക്കാൻ സൂനഹദോസ് കുടുംബത്തെ വിളിക്കുന്ന പേര്:–

    ഗാർഹിക സഭ

14. ആര്യനിസം എന്ന പാഷണ്ഡത നിഷിദ്ധമായി പ്രഖ്യാപിച്ചത്:–

    എ.ഡി 325–ൽ നടന്ന നിഖ്യാ സൂനഹദോസിൽവെച്ച്.

15. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഇന്ത്യ സന്ദർശിച്ച വർഷങ്ങൾ:–

    1986, 1999 (കേരളം സന്ദർശിച്ചത് 1986–ൽ)

16. ഒന്നാം അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ്സ് നടന്ന വർഷം:–

    1881–ൽ ഫ്രാൻസിലെ ലില്ലെയിൽ

17. ക്രൈസ്തവ വിദ്യാർത്ഥികളുടെ ആഗോള ഫെഡറേഷൻ സ്ഥാപിച്ചത്:–

    1895–ൽ അമേരിക്കക്കാരനായ ജോൺ റോബർട്ട്

18. ഫാത്തിമായിൽ മാതാവ് ആദ്യമായി പ്രത്യക്ഷപ്പെട്ടത്:–

    1917 മെയ് 13 ന്

19. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ മൊഹമ്മദ് അലി അഗ്ക വെടിവെച്ച് പരിക്കേൽപ്പിച്ചത്:–

    1981 മെയ് 13 ന്

20. ചാവറയച്ചനെയും അൽഫോൻസാമ്മയേയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചത്:–

    1986 ഫെബ്രുവരി 8ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ

21. ശ്രീലങ്കയുടെ പ്രേഷിതനായ ഫാ. ജോസഫ് വാസിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്:–

    1995 ജനുവരി 21–ാം തീയതി ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ.

22. വിൻസെന്റ് ഡി പോൾ സൊസൈറ്റി സ്ഥാപകൻ ഫ്രെഡറിക് ഓസനാമിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്:–

    1997 ആഗസ്റ്റ് 22–ാം തീയതി ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ.

23. ഈശോയുടെ തിരുഹൃദയ വണക്കത്തിന് തുടക്കം കുറിച്ചത്:–

    വി. മാർഗററ്റ് മേരി അലക്കോക്കിനു 1673–75 കാലത്തു കിട്ടിയ ദർശനങ്ങളാണ് ഇതിനു വഴി തെളിച്ചത്. 1765 മുതലാണ് സഭ ഔദ്യോഗികമായി ഇതിനെ അംഗീകരിച്ചത്.

24. ഈശോയുടെ ജനനദിവസം ഡിസംബർ 25 ആയി കണക്കാക്കിയത്:–

    വി. അഗസ്റ്റിൻ, വി. ക്രിസോസ്തോം, കോസ്മസ് ഇൻഡിക്കപ്ളീസ്റ്റസ് എന്നിവർ നടത്തിയ കണക്കുകൂട്ടലുകൾ പ്രകാരം.

25. ഡിസംബർ 25ന് ക്രിസ്തുമസ്സ് ആഘോഷിക്കാൻ തുടങ്ങിയത്:–

    നാലാം നൂറ്റാണ്ടു മുതൽ

26. കുരിശിന്റെ വണക്കവും ഭക്തിയും ആരംഭിച്ചത്:–

    ഈശോയെ തറച്ചതെന്നു കരുതപ്പെടുന്ന കുരിശ് 326–ൽ ഹെലേന രാജ്ഞി കണ്ടെത്തിയതിനെ തുടർന്ന്.

27. സ്ലീവാപ്പാത പ്രചാരത്തിൽ വന്നത്:–

    16–ാം നൂറ്റാണ്ടിൽ

28. സഭയിൽ വിഭൂതി തിരുനാൾ തുടങ്ങിയത്:–

    8–ാം നൂറ്റാണ്ടിൽ

29. പാശ്ചാത്യ സഭയിൽ വലിയ നോമ്പ് ആരംഭിക്കുന്നത്:–

    വിഭൂതി ബുധനാഴ്ച

30. തിരുനാളുകളുടെ തിരുനാൾ:–

    ഉയിർപ്പു തിരുനാൾ

31. മാർത്തോമാ ക്രിസ്ത്യാനികൾക്കിടയിൽ ആദിമ കാലത്ത് വൈദിക വിദ്യാർത്ഥികൾ താമസിച്ചു പഠനം നടത്തിയിരുന്ന ഭവനങ്ങൾ:–

    മല്പാനേറ്റുകൾ

32. പൗരസ്ത്യ സഭയിലെ സന്യാസാശ്രമങ്ങളുടെ ശ്രേഷ്ഠന്മാരെ വിളിച്ചിരുന്ന പേര്:–

    ആബട്ട്

33. വൈദീകരെ തിരിച്ചറിയാൻ വെള്ള വസ്ത്രങ്ങൾ ഉപയോഗിച്ചു തുടങ്ങിയത്:–

    8–ാം നൂറ്റാണ്ടു മുതൽ

34. മാർപ്പാപ്പ, കർദിനാൾ, മെത്രാൻ, വൈദികൻ എന്നിവരുടെ തൊപ്പികളുടെ നിറം:–

    യഥാക്രമം വെളുപ്പ്, ചുവപ്പ്, റോസുനിറം, കറുപ്പ്.

35. ഞായറാഴ്ച പൊതു അവധിയായി പ്രഖ്യാപിച്ചത്:–

    കോൺസ്റ്റന്റയിൻ ചക്രവർത്തി

36. വിശുദ്ധരുടെ തലയ്ക്കു ചുറ്റും രേഖപ്പെടുത്തുന്ന പ്രകാശവലയത്തിന് പറയുന്ന പേര്:–

ഹാലോ നിംബസ്

37. വിശുദ്ധ പദ പ്രഖ്യാപനം:–

ഒരു വ്യക്തിയുടെ മരണശേഷം വിശുദ്ധനെന്നും വിശ്വാസികളുടെ വണക്കത്തിനു യോഗ്യനെന്നും കാത്തോലിക്കാ സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നത്.

38. വിശുദ്ധ പദവിയിലേക്ക് ഒരാളെ ഉയർത്തുന്നതായോ, സഭാപരമായ അധികാരം ഒരാൾക്കു നൽകുന്ന തായോ രേഖപ്പെടുത്തുന്ന മാർപ്പാപ്പയുടെ കല്പന:–

പേപ്പൽ ബൂള

39. വിശുദ്ധപദ പ്രഖ്യാപനത്തിന്റെ വിവിധ പദവികൾ:–

ദൈവദാസൻ, ധന്യൻ, വാഴ്ത്തപ്പെട്ടവൻ, വിശുദ്ധൻ.

40. ഭാരതീയനായ ആദ്യ മെത്രാപ്പോലിത്ത

കണ്ടത്തിൽ മാർ അഗസ്തിനോസ്

41. പത്മശ്രീ അവാർഡ് നേടിയ ഇന്ത്യയിലെ മെത്രാൻ:–

മാർ ആന്റണി പടിയറ

42. ബീഹാറിലെ ദളിത് ഗ്രാമങ്ങളിൽ നടത്തിവരുന്ന സാമൂഹ്യ സേവനത്തിന് 2006–ൽ പത്മശ്രീ അവാർഡ് ലഭിച്ച മലയാളി കന്യാസ്ത്രീ:–

സി. സുധ

43. തൃശൂർ, തലശ്ശേരി എന്നീ രൂപതകൾ അതിരൂപതകളായി ഉയർത്തപ്പെട്ടത്:–

1995 മെയ് 18ന്

44. പുത്തൻ പാന എഴുതിയത്:–

അർണോസ് പാതിരി എന്നുവിളിക്കപ്പെടുന്ന ഫാ. ഏർണസ്റ്റ് ഹാൻക്സ് ലേഡൻ

45. സാർവ്വത്രിക വേദോപദേശം എഴുതിയുണ്ടാക്കിയതിൽ പ്രധാനി:–

ബിഷപ്പ് ക്രിസ്റ്റഫർ സ്കോൺബോൺ

46. കത്തോലിക്കാസഭയുടെ ചരിത്രത്തിലെ രണ്ടാമത്തെ സാർവത്രീക മതബോധന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്:–

ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ (1992 ഡിസംബർ)

47. സാർവത്രീകമതബോധനഗ്രന്ഥം തയ്യാറാക്കിയ 12 അംഗ കമ്മീഷന്റെ ചെയർമാൻ:–

കർദിനാൾ റാറ്റ് സിംഗർ

48. സാർവത്രീകമതബോധനഗ്രന്ഥത്തിന്റെ (Catechism of the Catholic Church, ccc.) പൂർണ്ണരൂപം ആദ്യമായി മലയാളത്തിൽ പ്രസിദ്ധീകരിച്ചത്:–

2005 ഡിസംബർ

49. തിരുസഭാ ചരിത്രത്തിന്റെ പിതാവ്:–

കേസറിയായുടെ മെത്രാനായിരുന്ന എവുസേബിയൂസ്

50. സുറിയാനി സംഗീതത്തിന്റെ പിതാവ്:–

ബർദൈസാൻ

51. വി. തോമാശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തെക്കുറിച്ച് വിശദമായി വിവരിച്ചിട്ടുള്ള പഴയ പാട്ട്:–

റമ്പാൻ പാട്ട്

52. കേരള ക്രൈസ്തവരുടെ പുരാതന പാട്ടുകളിൽ സുപ്രധാനമായത്:–

മാർഗ്ഗംകളി പാട്ട്

53. മിലാനിലെ സാന്താമരിയദർഗ്രാസിയ കത്തിഡ്രലിന്റെ ഭിത്തിയിൽ അവസാന അത്താഴം (Last supper) വരച്ച ചിത്രകാരൻ:–

ലിയൊണാർദോ ഡാവിഞ്ചി, 1490–ൽ

54. വത്തിക്കാന്റെ ഔദ്യോഗിക പത്രം:–

ഒസ്സർവത്തോരെ റോമാനോ

55. ഇന്ത്യയിലെ ഏറ്റവും പ്രചാരമുള്ള ക്രൈസ്തവ വാരിക:–

സത്യദീപം

56. പോട്ടയിൽനിന്നും 6 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന പോപ്പുലർ മിഷൻ മാസിക:–

വചനോത്സവം

57. അല്മായ പ്രേഷിതത്വത്തിന് സഭ നൽകുന്ന പരമോന്നത ബഹുമതി:–

ഗ്രാന്റ് ഷെവലിയാർ

58. വത്തിക്കാനുമായി നയതന്ത്ര ബന്ധമുള്ള രാജ്യങ്ങളിലേക്ക് മാർപ്പാപ്പയുടെ ഔദ്യോഗിക പ്രതിനിധി യായി അയയ്ക്കപ്പെടുന്ന നയതന്ത്രജ്ഞൻ:–

നുൺഷ്യോ

59. ഒരു രാജ്യത്തെ അല്ലെങ്കിൽ ഒരു പ്രദേശത്തെ പ്രത്യേക സഭയിലെ പ്രേഷിത പ്രവർത്തനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനുവേണ്ടി മാർപ്പാപ്പയാൽ നിയുക്തനായ വ്യക്തി:–

അപ്പസ്തോലിക് ഡലഗേറ്റ്

60. സീറോ മലബാർ സഭയിലെ പേപ്പൽ ഡലിഗേറ്റ് ആർച്ചു ബിഷപ്പ് എബ്രാഹം കാട്ടുമന നിര്യാതനായത്:–

1995 ഏപ്രിൽ 4 ന്

61. ഇറാക്കിലെയും ജോർദ്ദാനിലെയും വത്തിക്കാൻ സ്ഥാനപതിയായി 2006–ൽ നിയമിതനായ കേരളീയൻ:–

ഡോ: ഫ്രാൻസിസ് അസ്സിസി ചുള്ളിക്കാട്ട്

62. കത്തോലിക്കാസഭയുടെ സുവിശേഷീകരണ കാര്യാലയത്തിന്റെ അദ്ധ്യക്ഷനായി 2006–ൽ ബെനഡിക്ട് 16–ാം മാർപ്പാപ്പ നിയമിച്ച ഇന്ത്യാക്കാരൻ:–

കാർഡിനൽ ഐവാൻ ഡയസ്

63. സുവിശേഷീകരണ കാര്യാലയത്തിന്റെ അദ്ധ്യക്ഷനെ ചുവന്ന പാപ്പാ എന്ന് വിളിക്കുവാൻ കാരണം:–

സഭയുടെ അനുദിന ഭരണത്തിൽ മാർപ്പാപ്പ കഴിഞ്ഞാൽ ഏറ്റവുമധികം അധികാരം കൈയാളുന്നയാളായതിനാൽ.

*****